(ഡി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാണ് കേരള സർക്കാർ ശ്രമിക്കുന്നത്.

9 (*69) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വ്യവസായ പദ്ധതികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പുതിയ വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉദാരമായ വ്യവസ്ഥകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇപ്പോൾ എന്ത് ഇളവുകളാണ് ഇവർക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഫിനാൻഷ്യൽ കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാരുടെ കർശനമായ നിലപാട്മൂലം പല വ്യവസായ സംരംഭകരും വായ്പ സ്വീകരിക്കുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് വേണ്ടി ഇളവുകൾ പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ സംരംഭകരെ സഹായിക്കുന്നതിനും എല്ലാവിധ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും വേണ്ടി പ്രത്യേക വ്യവസായ വികസന വിഭാഗം കേന്ദ്ര ഓഫീസിലും മറ്റ് ജില്ലാ ഓഫീസുകളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ വിവിധ പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾക്കും ഇടത്തരം വ്യവസായങ്ങൾക്കും 240 ലക്ഷം രൂപവരെ കെ.എഫ്.സി. വായ്പ അനുവദിക്കാറുണ്ട്. നാഷണൽ ഇക്വിറ്റി ഫണ്ട് (എൻ.ഇ.എഫ്), മഹിളാ ഉദ്യം നിധി (എം.യു.എൻ), വിമുക്ത ഭടൻമാർക്കുള്ള പ്രത്യേക വായ്പാ പദ്ധതി (SEMFEX) തുടങ്ങിയ പദ്ധതികളിന്മേൽ 1% സർവീസ് ചാർജ് മാത്രം ഈടാക്കിക്കൊണ്ട് വ്യവസായ സംരംഭകർക്ക് മൂലധന വായ്പയും അനുവദിക്കാറുണ്ട്. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവയുടെ നിർമ്മാണത്തിന് മൊത്തം അടങ്കൽ തുകയുടെ 60% വരെ വായ്പ അനുവദിക്കാറുണ്ട്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായങ്ങളുടെ വികസനത്തിനായി പ്രവർത്തന മൂലധനവായ്പ, ഹ്രസ്വകാല വായ്പ, എക്യൂപ്മെന്റ് ലീസിങ്, ഹയർ പർച്ചേസ്, ബിൽ ഡിസ്കൗണ്ടിംഗ് തുടങ്ങിയ പദ്ധതികളും

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുണ്ട്. വായ്പ തിരിച്ചടയ്ക്കുന്നതിന് ഉദാരമായ വ്യവസ്ഥകളാണുള്ളത്. ട്രാൻസ്പോർട്ട് വായ്പകൾക്ക് 6 വർഷംവരെയും വ്യാവസായിക വായ്പകൾക്ക് ആവശ്യാനുസരണം 10 വർഷം വരെയും തിരിച്ചടയ്ക്കുന്നതിന് കാലാവധി അനുവദിക്കാറുണ്ട്. അടുത്ത കാലത്തായി സാങ്കേതിക വൈജ്ഞാനിക (ഇൻഫർമേഷൻ ടെക്നോളജി) രംഗത്ത് പ്രവർത്തിക്കുന്നവർക്കായി ഉദാരമായ വ്യവസ്ഥകളിന്മേൽ വായ്പ നൽകുവാനുള്ള ഒരു പദ്ധതി കെ.എഫ്.സി. ആവിഷ്ക്കരിച്ചിട്ടുണ്ട്. വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനവും ദീർഘകാല വായ്പയും ഒന്നിച്ച് നൽകുന്ന ഏക ജാലക സംവിധാനവും (എസ്.ഡബ്ലിയു.എസ്.) നിലവിലുണ്ട്.)

(ബി)&(സി) കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് വേണ്ടി താഴെ പറയുന്ന ഉദാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വായ്പാ അപേക്ഷകളിന്മേൽ താമസംവിനാ തീരുമാനമെടുക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപാവരെയുള്ള വായ്പാപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനും 75 ലക്ഷം രൂപവരെയുള്ള അപേക്ഷകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിനും ജില്ലാ ആഫീസുകൾക്കും അതിനുമുകളിലുള്ള വായ്പാപേക്ഷകൾ സ്വീകരിക്കുന്നതിനും ശുപാർശകൾ നൽകുന്നതിനും പ്രാദേശിക ഓഫീസുകൾക്കും അധികാരം നൽകിയിട്ടുണ്ട്. കൂടാതെ 240 ലക്ഷം രൂപാവരെ ആവശ്യാനുസരണം വായ്പാ ഗഡുക്കൾ വിതരണം ചെയ്യുന്നതിന് ജില്ലാ ഓഫീസുകൾക്കും അധികാരമുണ്ട്. കാലാവധിക്ക് മുമ്പ് അടച്ചുതീർക്കുന്ന വായ്പകൾക്ക് ചുമത്തിയിരുന്ന അധിക പലിശ നിർത്തലാക്കി. വായ്പ അനുവദിക്കുമ്പോൾ ചുമത്തിയിരുന്ന ഒരു ശതമാനം അപ്രൈസൽ ഫീസും നിറുത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ വ്യവസായസംരംഭകർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

1) വിമുക്ത ഭടന്മാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉദാരമായ വ്യവസ്ഥകളിൽ വായ്പ അനുവദിക്കുന്നു.

2) സാങ്കേതിക പരിജ്ഞാനമുള്ള സംരംഭകർക്ക് സാധാരണ വ്യവസ്ഥകളിൽ ഇളവുകൾ നൽകി വായ്പ അനുവദിക്കുന്നു.

3) അർഹതയുള്ള വ്യവസായ സംരംഭകർക്ക് ദേശീയ മൂലധന നിധിയിൽ നിന്നുള്ള പലിശ രഹിത വായ്പ അനുവദിച്ചുകൊടുക്കുന്നു.

(ഡി) ഇല്ല.

(ഇ) പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനു വേണ്ടി നിലവിൽ ധാരാളം ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഇളവുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

10 (*70) മണ്ഡരിരോഗബാധ തടയൽ

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> :
<u>ശ്രീ. എം.കെ. മുനീർ</u> :
<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> :

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly